# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6460 — 01.11.2011-ൽ മറുപടിക്ക്

## സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി :<br>,, പി.ഉബൈദുള്ള :<br>,, സി.മമ്മൂട്ടി :<br>,, റ്റി.എ.അഹമ്മദ് കബീർ : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (എ) സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 2009 ആഗസ്റ്റ് മുതൽ ആരോഗ്യവകുപ്പും വിദ്യാഭ്യാസ വകുപ്പും നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായി ലളിതവും പ്രായോഗികവുമായ ഒരു പുതിയ സ്കൂൾ ആരോഗ്യപദ്ധതി ആസൂത്രണം ചെയ്തുവരുന്നു. സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണപ്രവർത്തനങ്ങൾക്കായി നിരവധി സംവിധാനങ്ങൾ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.<br><u>സ്കൂളുകളിൽ ജെ.പി.എച്ച്.എൻ മാരുടെ സേവനം :</u><br>ആരോഗ്യ പരിശോധനയും നിരീക്ഷണവും, ആവശ്യഘട്ടങ്ങളിൽ നിയുക്ത ഡോക്ടർമാരുടെ സേവനം, ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ, വിവരശേഖരണം.<br><u>രോഗപ്രതിരോധ നടപടികൾ :</u><br>ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണവും അവബോധവും, വാക്സിനേഷൻ/രോഗപ്രതിരോധ കുത്തിവെയ്പ്, എക്സിബിഷൻ, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, നാടകം, മറ്റ് കലാരൂപങ്ങൾ മുഖേനയുള്ള അവബോധനം, കൗമാരപ്രായക്കാർക്കായി പ്രത്യേക ശാരീരിക മാനസിക ആരോഗ്യ പരിപാടികൾ.<br><u>ഡോക്ടർമാരുടെ സേവനം :</u><br>മാസത്തിൽ ഒരു തവണയെങ്കിലും മെഡിക്കൽ ഓഫീസർ സ്കൂളിൽ സന്ദർശിച്ച് ചികിത്സ ആവശ്യമുള്ള കുട്ടികളെ പരിശോധിക്കുകയും ഒരു ഹെൽത്ത് ക്ലാസ്സ് നൽകുകയും ചെയ്യുന്നു. **സ്കൂളുകളിൽ മെഡിക്കൽ ക്യാമ്പുകളുടെ** നേതൃത്വം, ജെ.പി.എച്ച്.എൻ മുഖാന്തിരം റഫർ |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന കുട്ടികൾക്ക് തുടർചികിത്സ PHC/CHC മുഖാന്തിരം നൽകുന്നു. കൂടാതെ ആരോഗ്യാവലോകന പരിപാടികൾക്ക് നേതൃത്വം നൽകുന്നു.<br>__സ്കൂൾ ഹെൽത്ത് ക്ലബുകൾ :__<br>ജെ.പി.എച്ച്.എൻ നോടൊപ്പം തെരഞ്ഞെടുത്ത അധ്യാപകർ നേതൃത്വം നൽകുന്നു. വിവിധ ആരോഗ്യപരിപാടികളുടെ വേദിയായി പ്രവർത്തിക്കുന്നു. ശാരീരികക്ഷമതയ്ക്കായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികൾക്കും കൂടാതെ അധ്യാപകർക്കും പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നു.<br>__ഹെൽത്ത് കാർഡ് :__<br>3 മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ സമഗ്രമായ ആരോഗ്യവിവരങ്ങളും ടി.സി യും രേഖപ്പെടുത്തുന്നതിനുള്ള ഹെൽത്ത് റിക്കോർഡ് തുടങ്ങിയവ ഇതിന്റെ പ്രധാന ഘടകങ്ങളാണ്. |
| (ബി) | ഇതിന്റെ ഭാഗമായി ആയുർവ്വേദം ആൾട്ടർനേറ്റീവ് മെഡിസിൻ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ; | (ബി) | സ്കൂൾ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ആയുർവ്വേദം, ആൾട്ടർനേറ്റീവ് മെഡിസിൻ എന്നീ വിഭാഗങ്ങളെ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ ആ വിഭാഗങ്ങൾക്കുകൂടി പങ്കാളിത്തം നൽകിക്കൊണ്ടുള്ള ആരോഗ്യ പദ്ധതി ആരംഭിക്കുമോ ; | (സി) | ഈ വർഷം തന്നെ ആരോഗ്യസംരക്ഷണം, പ്രതിരോധപ്രവർത്തനം എന്നിവ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ആയുർവ്വേദം, ആൾട്ടർനേറ്റീവ് മെഡിസിൻ എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |
| (ഡി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ കണ്ടെത്തിയിട്ടുള്ള പ്രധാന രോഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (ഡി) | സ്കൂൾ വിദ്യാർത്ഥികളിൽ കണ്ടെത്തിയ പ്രധാന ആരോഗ്യപ്രശ്നങ്ങൾ പോഷകാഹാരക്കുറവ്, വിളർച്ച, ദന്തരോഗങ്ങൾ, കാഴ്ചക്കുറവ് തുടങ്ങിയവയാണ്. |

സെക്ഷൻ ഓഫീസർ